23146649

QP CODE: 23146649

Reg No : ....................

Name : ....................

# B.A DEGREE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, DECEMBER 2023

## First Semester

## Core Course - ML1CRT01 - NAVEENA KAVITHA

(Common to B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing)

2017 Admission Onwards

41351E34

Time: 3 Hours Max. Marks : 80

### Part A

*Answer any **ten** questions.*

*Each question carries **2** marks.*

1. ഓർത്തെടുക്കുമ്പോൾ ഖേദമുണ്ടെങ്കിൽ ആരംഭിക്കുന്നേ' - കവിയ്ക്ക് ഖേദമുണർത്തുന്ന ഓർമ്മകൾ എന്തെല്ലാം?
2. ആത്മഗീതത്തിൽ പ്രകടമാകുന്ന വൈകാരികാംശങ്ങൾ വിശദമാക്കുക.
3. “വൃക്ഷച്ചുവട്ടിലിളികീ നിഴലുകൾ
   വക്ഷസ്സിനുള്ളിൽ വികാരങ്ങൾ മാതിരി”.- വിവക്ഷിതം വ്യക്തമാക്കുക.
4. “അന്ധർ നിൻ തുമ്പിയോ കൊമ്പോ
   പള്ളയോ തൊട്ടിടഞ്ഞിടാം
   എനിക്കു കൊതി നിൻ വാലിൻ
   രോമം കൊണ്ടൊരു മോതിരം”- ആശയം വിശദമാക്കുക.
5. ഡ്രാക്കുളയെ ഏതെല്ലാം പ്രതീകമായാണ് കവി കരുതുന്നത്?
6. 'അത്താഴം' എന്ന കവിതയിൽ വിശപ്പ് മൂർത്തബിംബമാകുന്നതെങ്ങനെ?
7. വില്പത്രം എന്ന കവിത മുന്നോട്ടു വയ്ക്കുന്ന ജീവിതവീക്ഷണം എന്ത് ?
8. പാരിസ്ഥിതികബോധ്യത്തിന്റെ സൂക്ഷ്മതകളിൽ നിന്നുമുയിരെടുത്ത കവിതയാണ് ‘കാറ്റേ കടലേ’- വിശകലനം ചെയ്യുക.
9. മച്ചാനെ മന്നാൻ മാത്രമാക്കിയത് എന്തെല്ലാമാണ്?
10. അദ്ധ്വാനത്തിന്റെയും മുഷിഞ്ഞു നാറലിന്റെയും പ്രതീകമായി കൈക്കലത്തുണിയെ പരിവർത്തിപ്പിക്കുന്ന സാധ്യത പരിശോധിക്കുക.

11. മുറിച്ചു നീന്തിയ കടലൊന്നും കടലായിരുന്നില്ലെന്ന് ഇപ്പോഴറിയുന്നു. നിശ്ചലതയേക്കാൾ വലിയ കടലില്ലെന്നും സൂചിതമെന്ത്?

12. ദളിത് സാഹിത്യം എന്നാലെന്ത്?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. "കാണാമറിയുമോ കണ്ടാൽ മറക്കാത്ത-
താണകറുത്ത മുഖങ്ങളൊരിക്കലും"
-- എന്ന വരികളിലൂടെ കവി വിവക്ഷിക്കുന്നതെന്ത്?

14. ക്ലാസിക്കൽ ആശയത്തെ ഭാവ ഗീതരൂപത്തിലാക്കി സംഗീതസാദ്ധ്യതകളോടെ അവതരിപ്പിക്കുന്ന കവിതയാണ് "പൂക്കാതിരിക്കാനാവതില്ലേ" - വിശദമാക്കുക.

15. പെണ്ണും പ്രണയവും പ്രകൃതിയും ആത്മീയതയും ഇടകലരുന്ന ആഖ്യാനത്തിന്റെ പുതുവഴിയാണ് സച്ചിദാനന്ദന്റെ 'മീരപാടുന്നു'.- വിശദീകരിക്കുക.

16. വീട്ടിലേക്കുള്ള വഴി സ്വത്വാന്വേഷണത്തിന്റെ മുദ്രകളെ തത്ത്വജ്ഞാനത്തിന്റെയും കാല്പനികതയുടെയും ദുഃഖങ്ങളോട് ലയിപ്പിക്കുന്നു. വിശദമാക്കുക.

17. അഷ്ടമുടിക്കായൽ കവിയുടെ ഇഷ്ടമുടിക്കായലായി മാറിയതെങ്ങിനെ?

18. പരിസ്ഥിതി വിചാരം രാഷ്ട്രീയബോധ്യമായി മാറുന്നതിന്റെ ചിത്രമാണ് കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന കവിതയിലുടനീളം-പരിശോധിക്കുക.

19. ചെറുതും വലുതുമായ രാസപരിണാമത്തിന്റെ പാഠങ്ങളാണ് വീരാൻകുട്ടി കവിതയിലൂടെ കോറിയിടുന്നത്- പരിശോധിക്കുക.

20. ഉപയോഗിക്കപ്പെടുന്ന പെണ്ണുടലിനെ സെറിന പ്രതീകവൽക്കരിക്കുന്നതെങ്ങിനെ?

21. ആധുനികതയുടെ കരുത്തുറ്റ രചനയാണ് അയ്യപ്പപ്പണിക്കരുടെ രചനകൾ, വിശദീകരിക്കുക.

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. ഭാവഗീതത്തിന്റെ സവിശേഷതകൾ ജി. ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്ന കവിതയെ മുൻനിർത്തി വിശദമാക്കുക.

23. വൈലോപ്പിള്ളിയുടെ സൗന്ദര്യശാസ്ത്രത്തിന്റെ മർമ്മം തൊട്ടുനിൽക്കുന്ന കവിതയാണ് 'കയ്പവല്ലരി' - പരിശോധിക്കുക.

24. ഉത്തരാധുനിക കവിതയിലെ പെണ്ണെഴുത്ത് ധാരയിലെ ശക്തമായ പ്രതിനിധാനങ്ങളാണ് വി. എം. ഗിരിജയുടെ കവിതകൾ- വിലയിരുത്തുക.

25. ആധുനിക ലോകത്തിന്റെ മൂല്യനിരാസവും പ്രകൃതി നശീകരണവും കൊച്ചിയിലെ വൃക്ഷങ്ങളിൽ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു.

(2×15=30)